| 23-04-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബ നൽകുന്ന ശിക്ഷണങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരൂ, നിങ്ങൾ പ്രതിജ്ഞ ചെയ്ത് അതിൽ നിന്നും വ്യതിചലിക്കരുത്, ആജ്ഞയെ ലംഘിക്കരുത്.**

**ചോദ്യം:-** നിങ്ങളുടെ പഠിത്തത്തിന്റെ സാരം എന്താണ്? നിങ്ങൾക്ക് ഏതൊരു അഭ്യാസം തീർച്ചയായും ചെയ്യണം?

**ഉത്തരം:-** നിങ്ങളുടേത് വാനപ്രസ്ഥത്തിൽ പോകുന്നതിനുള്ള പഠിപ്പാണ്. ഈ പഠിത്തത്തിന്റെ സാരമാണ് ശബ്ദത്തിന് ഉപരി പോകുക. ബാബ തന്നെയാണ് എല്ലാവരേയും തിരിച്ച് കൊണ്ടുപോകുന്നത്. നിങ്ങൾ കുട്ടികൾക്ക് വീട്ടിലേക്ക് പോകുന്നതിനു മുൻപ് സതോപ്രധാനമാകണം. അതിനുവേണ്ടി ഏകാന്തമായിരുന്ന് ദേഹീ അഭിമാനിയാകുന്നതിന്റെ അഭ്യാസം ചെയ്യൂ. അശരീരിയാകുന്നതിന്റെ അഭ്യാസം തന്നെയാണ് ആത്മാവിനെ സതോപ്രധാനമാക്കുക.

**ഓം ശാന്തി**. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകും, പിന്നീട് അങ്ങനെയുള്ള ലോകത്തിന്റെ അധികാരിയാകും. കല്പ-കല്പം നിങ്ങൾ അങ്ങനെത്തന്നെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നു, പിന്നീട് 84 ജന്മമെടുത്ത് തമോപ്രധാനമാകുന്നു. വീണ്ടും ബാബ ജ്ഞാനം നൽകുകയാണ് - സ്വയത്തെ ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഭക്തി മാർഗ്ഗത്തിലും നിങ്ങൾ ഓർമ്മിച്ചിരുന്നു, പക്ഷേ ആ സമയം നിങ്ങളുടേത് സ്ഥൂലബുദ്ധിയിലെ ജ്ഞാനമായിരുന്നു. ഇപ്പോൾ സൂക്ഷ്മ ബുദ്ധിയുടെ ജ്ഞാനമാണ് ലഭിച്ചിരിക്കുന്നത്. പ്രാക്ടിക്കലിൽ ബാബയെ ഓർമ്മിക്കണം. ഇതും മനസ്സിലാക്കി കൊടുക്കണം - ആത്മാവും നക്ഷത്ര സമാനമാണ്, ബാബയും നക്ഷത്ര സമാനമാണ്. പക്ഷേ ബാബ പുനർജന്മം എടുക്കുന്നില്ല, നമ്മൾ ആത്മാക്കൾ പുനർജന്മം എടുക്കുന്നു അതിനാൽ നമുക്ക് തമോപ്രധാനമാകുക തന്നെ വേണം. പിന്നീട് സതോപ്രധാനമാകുന്നതിന് പരിശ്രമിക്കണം. മായ അടിക്കടി തെററ് ചെയ്യിപ്പിക്കുന്നു. ഇപ്പോൾ ഓർമ്മയുള്ളവരാകണം, തെററ് ചെയ്യരുത്. ഒരുപക്ഷേ തെററ് ചെയ്യുന്നുവെങ്കിൽ നിങ്ങൾ വീണ്ടും തമോപ്രധാനമാകും. നിർദേശം ലഭിക്കുകയാണ് - സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ബാററിയെ ചാർജ്ജ് ചെയ്യൂ എങ്കിൽ നിങ്ങൾ സതോപ്രധാനവും, വിശ്വത്തിന്റെ അധികാരിയുമാകും. ടീച്ചർ എല്ലാവരേയും പഠിപ്പിക്കുന്നു. പക്ഷേ കുട്ടികൾ നമ്പർവൈസായാണ് പാസ്സാകുന്നത്. സമ്പാദിക്കുന്നതും നമ്പർവൈസാണ്. നിങ്ങളും നമ്പർവാറായി പാസ്സാകുന്നു, നമ്പർവാറായി പദവിയും നേടുന്നു. വിശ്വത്തിന്റെ അധികാരിയുടെ സ്ഥാനം എവിടെയിരിക്കുന്നു? ദാസ - ദാസിമാർ എവിടെ? ഏത് വിദ്യാർത്ഥിയാണോ നല്ലത്, സൽപുത്രർ, ആജ്ഞാകാരി, വിശ്വസ്തർ, വാക്ക് പാലിക്കുന്നവർ അവർ തീർച്ചയായും ടീച്ചറുടെ നിർദ്ദേശമനുസരിച്ച് നടക്കും. രജിസ്റ്റർ എത്ര നല്ലതാണോ അത്രയും മാർക്കും അധികം ലഭിക്കും. അതിനാൽ ബാബയും കുട്ടികൾക്ക് വീണ്ടും മനസ്സിലാക്കി തരുന്നു, കുട്ടികളേ തെററ് ചെയ്യരുത്. കല്പം മുൻപും തോറ്റിട്ടുണ്ട് അങ്ങനെ ഒരിക്കലും കരുതരുത്. ഒരുപാട് പേരുടെ മനസ്സിൽ വരുന്നുണ്ട് അതായത് നമ്മൾ സേവനമൊന്നും ചെയ്യുന്നില്ല അതിനാൽ തീർച്ചയായും തോൽക്കും. ബാബ മുന്നറിയിപ്പ് നൽകികൊണ്ടിരിക്കുന്നു, നിങ്ങൾ സത്യയുഗീ സതോപ്രധാനത്തിൽ നിന്നും കലിയുഗീ തമോപ്രധാനത്തിലേയ്ക്ക് വന്നു, വീണ്ടും ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. സതോപ്രധാനമാകുന്നതിന് ബാബ വളരെ സഹജമായ വഴി പറഞ്ഞു തരുന്നു - ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. നിങ്ങൾ കയറി - കയറി സതോപ്രധാനമാകും. പതുക്കെ - പതുക്കെ മുകളിലേയ്ക്ക് കയറുകയാണ് അതിനാൽ തെററ് ചെയ്യരുത്. പക്ഷേ മായ തെററ് ചെയ്യിപ്പിക്കും. ആജ്ഞ പാലിക്കാത്തവരാക്കും. ബാബ ഏതൊരു നിർദേശമാണോ നൽകുന്നത് അത് അംഗീകരിക്കുന്നു, പ്രതിജ്ഞ ചെയ്യുന്നു, പക്ഷേ അതനുസരിച്ച് നടക്കുന്നില്ല. അപ്പോൾ ബാബയും പറയും ആജ്ഞ ലംഘിച്ച് തന്റെ പ്രതിജ്ഞയിൽ നിന്ന് വ്യതിചലിച്ചിരിക്കുന്നു. ബാബയോട് പ്രതിജ്ഞ ചെയ്തതിനു ശേഷം പ്രയോഗത്തിൽ കൊണ്ടുവരണം. പരിധിയില്ലാത്ത ബാബ ഏതൊരു ജ്ഞാനമാണോ നൽകുന്നത് അത് വേറൊരാൾക്കും നൽകുവാൻ കഴിയില്ല. പരിവർത്തനം തീർച്ചയായും വേണം. ചിത്രവും എത്ര നല്ലതാണ്. ബ്രഹ്മാവംശി പിന്നീട് വിഷ്ണു വംശിയാകും. ഇത് പുതിയ ഈശ്വരീയ ഭാഷയാണ്, ഇതിനേയും മനസ്സിലാക്കണം. ഈ ആത്മീയ ജ്ഞാനം മററാർക്കും നൽകുവാൻ കഴിയില്ല. ഏതെങ്കിലും ആശ്രമം സ്ഥപിക്കുന്നുവെങ്കിൽ ആത്മീയ ആശ്രമം എന്ന് പേരും നൽകുന്നു. പക്ഷേ ആത്മീയ ആശ്രമം നിങ്ങളുടേതല്ലാതെ വേറൊന്നുമാകുന്നില്ല. ഒരുപാട് പേർ നിങ്ങളെ അനുകരിക്കുന്നു. ഇത് പുതിയ കാര്യമാണ്, നിങ്ങൾ വളരെ കുറച്ച് പേർക്കല്ലാതെ മററാർക്കും ഈ കാര്യം മനസ്സിലാകുകയില്ല. ഇപ്പോൾ മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട്. ബാക്കി തായ്ത്തടി മാത്രമില്ല, വീണ്ടും തായ്ത്തടി ഉണ്ടാകും.

ബാക്കി ശിഖിരങ്ങളൊന്നും കാണില്ല, അതെല്ലാം ഇല്ലാതാകും. പരിധിയില്ലാത്ത ബാബയാണ് പരിധിയില്ലാത്ത ജ്ഞാനം നൽകുന്നത്. ഇപ്പോൾ മുഴുവൻ ലോകത്തിലും രാവണ രാജ്യമാണ്. ഇത് ലങ്കയാണ്. ആ ലങ്കയും സമുദ്രത്താൽ ചുററപ്പെട്ടതായിരുന്നു. പരിധിയില്ലാത്ത ലോകവും സമുദ്രത്തിലാണ്. നാലുഭാഗവും ജലമാണ്. അത് പരിധിയുള്ള കാര്യമാണ്, എന്നാൽ ബാബ പരിധിയില്ലാത്ത കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. ഒരേ ഒരു ബാബയാണ് മനസ്സിലാക്കി തരുന്നത്. ഇത് പഠിത്തമാണ്. ജോലി ലഭിക്കുന്നതു വരെ, പഠിത്തത്തിന്റെ റിസൾട്ട് വരുന്നത് വരെ നിങ്ങൾക്ക് പഠിത്തത്തിൽ മുഴുകണം. അതിൽ തന്നെ ബുദ്ധി ഉപയോഗിക്കണം. പഠിത്തത്തിൽ ശ്രദ്ധിക്കുക ഇത് വിദ്യാർത്ഥിയുടെ കർത്തവ്യമാണ്. ഉണരുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും, ചുററികറങ്ങുമ്പോഴും ഓർമ്മിക്കണം. വിദ്യാർത്ഥിയുടെ ബുദ്ധിയിൽ ഈ പഠിത്തം ഉണ്ടായിരിക്കണം. പരാജയപ്പെടാതിരിക്കുവാൻ പരീക്ഷയുടെ സമയം വളരെ പരിശ്രമിക്കുന്നു. പ്രത്യേകിച്ചും രാവിലെ പൂന്തോട്ടത്തിൽ പോയിരുന്ന് പഠിക്കുന്നു, എന്തുകൊണ്ടെന്നാൽ വീട്ടിലെ കോലാഹലത്തിന്റെ വൈബ്രേഷൻ മോശമാണ്.

ബാബ മനസ്സിലാക്കി തരുന്നു ദേഹീ – അഭിമാനിയാകുന്നതിന്റെ അഭ്യാസം ചെയ്യൂ, പിന്നീട് മറക്കില്ല. ഏകാന്തതയുള്ള സ്ഥലം വളരെ നല്ലതാണ്. യജ്ഞത്തിന്റെ ആരംഭത്തിൽ, ക്ലാസ്സ് പൂർത്തിയാകുമ്പോൾ നിങ്ങളെല്ലാവരും പർവ്വതത്തിൽ പോയിരുന്നു. ഇപ്പോൾ ദിനം – പ്രതിദിനം ജ്ഞാനം ആഴത്തിൽ ലഭിക്കുന്നു. വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യം ഓർമ്മയുണ്ടായിരിക്കണം. ഇത് വാനപ്രസ്ഥ അവസ്ഥയിൽ പോകുന്നതിന്റെ പഠിത്തമാണ്. ഒരേയൊരു ബാബയ്ക്കല്ലാതെ ആർക്കും പഠിപ്പിക്കുവാൻ കഴിയില്ല. സാധു സന്യാസിമാർ എല്ലാവരും ഭക്തിയാണ് പഠിപ്പിക്കുന്നത്. ശബ്ദത്തിനുപരി പോകുന്നതിനുള്ള വഴി ഒരേഒരു ബാബയാണ് പറഞ്ഞുതരുന്നത്. ഒരേഒരു ബാബ തന്നെയാണ് എല്ലാവരേയും കൊണ്ടുപോകുന്നതും. ഇപ്പോൾ നിങ്ങളുടേത് പരിധിയില്ലാത്ത വാനപ്രസ്ഥ അവസ്ഥയാണ്, ഇതിനെ ആരും അറിയുന്നില്ല. ബാബ പറയുന്നു – കുട്ടികളേ, നിങ്ങളെല്ലാവരും വാനപ്രസ്ഥികളാണ്. മുഴുവൻ ലോകത്തിന്റേയും വാനപ്രസ്ഥ അവസ്ഥയാണ്. ആര് പഠിച്ചാലും ഇല്ലെങ്കിലും, എല്ലാവർക്കും തിരിച്ചു പോകണം. ഏതെല്ലാം ആത്മാക്കൾ മൂലവതനത്തിൽ പോകുന്നുവോ, അവർ അവരവരുടെ സെക്ഷനിലേയ്ക്ക് പോകും. ആത്മാക്കളുടെ വൃക്ഷവും വളരെ അതിശയമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഈ മുഴുവൻ ഡ്രാമയുടെ ചക്രവും വളരെ കൃത്യതയുള്ളതാണ്. അല്പംപോലും വ്യത്യാസമില്ല. ലീവർ ക്ലോക്കും സിലിണ്ടർ ക്ലോക്കും ഉണ്ടല്ലോ. ലീവർ ക്ലോക്ക് പൂർണ്ണമായും കൃത്യതയുള്ളതാണ്. അതുപോലെ ഇവിടേയും ചിലരുടെ ബുദ്ധിയോഗം ലീവറാണ്, ചിലരുടേത് സിലിണ്ടറാണ്. ചിലർ ഒട്ടും ബുദ്ധിയോഗം വയ്ക്കുന്നതേയില്ല. ഓടാത്ത വാച്ച് പോലെയാണ്. നിങ്ങൾക്ക് പൂർണ്ണമായും ലീവർ ക്ലോക്കാകണം എങ്കിൽ രാജധാനിയിൽ വരും. സിലിണ്ടർ പ്രജയിലേയ്ക്ക് പോകും. ലീവർ ആകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. രാജപദവി നേടുന്നവരെ കുറിച്ചാണ് കോടിയിലും ചിലർ എന്ന് പറയുന്നത്. അവരാണ് വിജയമാലയിൽ കോർക്കപ്പെടുന്നത്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് – തുല്ല്യ പരിശ്രമവും വേണം. പറയുന്നു, ബാബാ ഇടയ്ക്ക് – ഇടയ്ക്ക് മറന്നു പോകുന്നു. ബാബ മനസ്സിലാക്കി തരുന്നു – കുട്ടികളേ, എത്ര ശക്തിശാലിയാകുന്നുവോ മായയും ശക്തിയായി യുദ്ധം ചെയ്യും. മല്ലയുദ്ധമാണല്ലോ. ഇതിൽ വളരെയധികം ശ്രദ്ധിക്കണം. ശക്തിശാലിയെ ശക്തിശാലി തിരിച്ചറിയും. ഇവിടേയും അങ്ങനെയാണ് മഹാവീർ കുട്ടികൾ ഉണ്ട്. അതിലും നമ്പർവൈസാണ്. നല്ല–നല്ല മഹാരഥികളുടെ അടുത്തും മായയും നല്ലരീതിയിൽ കൊടുങ്കാററ് കൊണ്ടുവരുന്നു. ബാബ മനസ്സിലാക്കി തരുന്നു – മായ എത്ര തന്നെ ശല്യപ്പെടുത്തട്ടേ, കൊടുങ്കാററ് കൊണ്ടുവരട്ടെ നിങ്ങൾ വളരെ ശ്രദ്ധയോടെ ഇരിക്കണം. ഒരു കാര്യത്തിലും പരാജിതനാകരുത്. ഒരുപക്ഷേ മനസ്സിൽ കൊടുങ്കാററ് വരും, പക്ഷേ കർമ്മേന്ദ്രിയങ്ങളിലൂടെ ചെയ്യരുത്. വീഴ്ത്തുന്നതിനു വേണ്ടി കൊടുങ്കാററ് വരും. മായയുടെ യുദ്ധമുണ്ടാകുന്നില്ലായെങ്കിൽ എങ്ങനെ ശക്തിശാലിയാകും. മായയുടെ കൊടുങ്കാററുകളെക്കുറിച്ച് ചിന്തിക്കരുത്. എന്നാൽ പോകെ–പോകെ കർമ്മേന്ദ്രിയങ്ങൾക്ക് വശപ്പെടുന്നു വെങ്കിൽ പെട്ടെന്ന് വീണു പോകും. ഇത് ബാബ ദിവസവും മനസ്സിലാക്കി തരുന്നു – കർമ്മേന്ദ്രിയങ്ങളിലൂടെ വികർമ്മം ചെയ്യരുത്. നിയമ വിരുദ്ധമായ കർമ്മം ചെയ്യുന്നത് ഉപേക്ഷിക്കുന്നില്ലായെങ്കിൽ കാൽ കാശിന്റെ പദവി മാത്രമേ ലഭിക്കുകയുള്ളൂ. ഉള്ളിൽ സ്വയവും മനസ്സിലാക്കുന്നുണ്ട്, നമ്മൾ പരാജിതരാകും. എല്ലാവർക്കും തിരിച്ചു പോകണം. ബാബ പറയുന്നു – ബാബയെ ഓർമ്മിക്കുന്നുവെങ്കിൽ ആ ഓർമ്മ നശിച്ചു പോകില്ല. അല്പം ഓർമ്മിക്കുന്നതിലൂടെ പോലും സ്വർഗ്ഗത്തിൽ വരും. അല്പം ഓർമ്മിക്കുന്നതിലൂടെയും കൂടുതൽ ഓർമ്മിക്കുന്നതിലൂടെയും എന്ത് പദവി ലഭിക്കും, ഇത് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഒന്നും ഒളിച്ചു വയ്ക്കുവാൻ കഴിയില്ല. ആര് എന്ത്, എന്ത് ആകും? സ്വയവും മനസ്സിലാക്കുവാൻ കഴിയും. ഇപ്പോൾ നമ്മൾക്ക് ഹൃദയസ്തംഭനം വരുകയാണെങ്കിൽ ഏത് പദവി ലഭിക്കും? ബാബയോട് ചോദിക്കുവാനും സാധിക്കും. മുന്നോട്ട് പോകുമ്പോൾ സ്വയവും മനസ്സിലാക്കും. വിനാശം മുന്നിൽ നിൽക്കുകയാണ്, കൊടുങ്കാററ്, പേമാരി, പ്രകൃതി ദുരന്തം ഇവ ഒന്നും ചോദിച്ചിട്ടല്ല വരുന്നത്. രാവണൻ ഇരിക്കുകയാണല്ലോ. ഇത് വളരെ വലിയ പരീക്ഷയാണ്. ആരാണോ പാസ്സാകുന്നത് അവർ

ഉയർന്ന പദവി നേടുന്നു. പ്രജകളെ സംരക്ഷിക്കുന്നതിന് രാജാക്കന്മാർ വിവേകശാലിയായിരിക്കണം. ഐ. സി. എസ്സ് പരീക്ഷയിൽ വളരെകുറച്ച് പേരേ പാസ്സാകുകയുള്ളു. ബാബ നിങ്ങളെ പഠിപ്പിച്ച് സ്വർഗ്ഗത്തിന്റെ അധികാരി സതോപ്രധാനമാക്കുന്നു. നിങ്ങൾ അറിയുന്നുണ്ട് സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമായി, ഇപ്പോൾ ബാബയുടെ ഓർമ്മയിലൂടെ സതോപ്രധാനമാകണം. പതീത – പാവനൻ ബാബയെ ഓർമ്മിക്കണം. ബാബ പറയുന്നു – മന്മനാഭവ. ഇത് അതേ ഗീതാ ജ്ഞാനമാണ്. ഡബിൾ കിരീടധാരിയാകുന്നതിന്റെ ഗീത. ഡബിൾ കിരീടധാരിയാക്കുന്നത് ബാബയാണല്ലോ. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. ആരാണോ നല്ല ബുദ്ധിവാൻ അവർക്ക് നല്ല ധാരണയും ഉണ്ട്. ശരി.

വളരെക്കാലത്തെ വേർപ്പാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**രാത്രി ക്ലാസ്സ് – 5– 1– 69**

കുട്ടികൾ ഇവിടെ ക്ലാസ്സിൽ ഇരിക്കുന്നു, നമ്മളുടെ ടീച്ചർ ആരാണെന്ന് അറിയുന്നുമുണ്ട്. നമ്മുടെ ടീച്ചർ ആരാണെന്ന് സ്റ്റുഡന്റിന് മുഴുവൻ സമയവും ഓർമ്മ ഉണ്ടായിരിക്കും. ഇവിടെ മറന്ന് പോകുന്നു. ടീച്ചറും അറിയുന്നുണ്ട് കുട്ടികൾ എന്നെ ഇടയ്ക്ക് – ഇടയ്ക്ക് മറന്നുപോകുന്നു. അങ്ങനെയുള്ള ആത്മീയ അച്ഛനെ ഒരിക്കലും ലഭിക്കുന്നില്ല, കേവലം സംഗമയുഗത്തിലാണ് ലഭിക്കുന്നത്. സത്യയുഗത്തിലും കലിയുഗത്തിലും ഭൗതിക അച്ഛനെയാണ് ലഭിക്കുന്നത്. ഇത് സംഗമയുഗമാണ് അതിനാൽ കുട്ടികൾക്ക് പക്കയായിരിക്കണം, ഈ ഓർമ്മ ഉണർത്തുകയാണ്, അതിലൂടെ നമ്മൾ കുട്ടികൾ പുരുഷോത്തമരാകുന്നവരാണ്. അപ്പോൾ ബാബയെ ഓർമ്മിക്കുന്നതിലൂടെ മൂന്ന് പേരുടേയും ഓർമ്മ വരണം. ടീച്ചറിനെ ഓർമ്മിച്ചാലും മൂന്നിന്റേയും ഓർമ്മ, ഗുരുവിനെ ഓർമ്മിച്ചാലും മൂന്നിന്റേയും ഓർമ്മ വരണം. ഇത് തീർച്ചയായും ഓർമ്മ ഉണ്ടായിരിക്കണം. പവിത്രമാകുന്നതാണ് മുഖ്യ കാര്യം. പവിത്രതയെ തന്നെയാണ് സതോപ്രധാനമെന്ന് പറയുന്നത്. പവിത്രമായിരുന്നവർ സത്യയുഗത്തിലാണ് വസിച്ചിരുന്നത്. ചക്രം കറക്കി താഴേയ്ക്ക് വന്നിരിക്കുകയാണ്. സംഗമയുഗമാണ്, കല്പ – കല്പം ബാബ വരുന്നു, പഠിപ്പിക്കുന്നു. ബാബയുടെ കൂടെയാണല്ലോ നിങ്ങളും വസിച്ചിരുന്നത്. ഇതും അറിയുന്നുണ്ട് ഇത് സത്യമായ സത്ഗുരുവാണ്. തീർച്ചയായും മുക്തി – ജീവൻമുക്തി ധാമിന്റെ വഴി പറഞ്ഞു തരും. ഡ്രാമ പ്ലാൻ അനുസരിച്ച് നമ്മൾ പുരുഷാർത്ഥം ചെയ്ത് ബാബയെ ഫോളോ ചെയ്യുന്നു. ഇവിടെ ജ്ഞാനം നേടി ഫോളോ ചെയ്യുന്നു. ഏതുപോലെ ബ്രഹ്മാബാബ പഠിക്കുന്നുവോ അതുപോലെ നിങ്ങൾ കുട്ടികളും പുരുഷാർത്ഥം ചെയ്യുന്നു. ദേവതയാകണമെന്നുണ്ടെങ്കിൽ ശുദ്ധ കർമ്മം ചെയ്യണം. യാതൊരു അശുദ്ധതയും ഉണ്ടാകുവാനേ പാടില്ല. ബാബയെ ഓർമ്മിക്കുക ഇതാണ് മുഖ്യമായ കാര്യം. മനസ്സിലാക്കുന്നുണ്ട് ബാബയെ മറന്നു പോകുന്നു, ജ്ഞാനം മറന്നു പോകുന്നു, ഓർമ്മയുടെ യാത്രയും മറന്നു പോകുന്നു. ബാബയെ മറക്കുന്നതിലൂടെ ജ്ഞാനവും മറക്കുന്നു. ഞാൻ വിദ്യാർത്ഥിയാണ്, ഇതും മറന്നു പോകുന്നു. മൂന്നിന്റേയും ഓർമ്മ ഉണ്ടായിരിക്കണം. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ടീച്ചർ, സത്ഗുരു തീർച്ചയായും ഓർമ്മ വരണം. ശിവബാബയെ ഓർമ്മിക്കുന്നതിനോടൊപ്പം ദൈവീക ഗുണവും വേണം. ബാബയുടെ ഓർമ്മയിലാണ് മഹത്വം. ബാബ പഠിപ്പിക്കുന്നതിന്റെ അത്രയും മഹത്വം മററാര് പഠിപ്പിക്കുന്നതിലും ഉണ്ടാകില്ല. തമോപ്രധാനത്തിൽ നിന്ന് ഈ ജന്മം നമ്മൾ സതോപ്രധാനമാകുന്നു. തമോപ്രധാനമാകുന്നതിൽ മുഴുവൻ കല്പവും എടുക്കുന്നു. ഇപ്പോൾ ഈ ഒരു ജന്മത്തിൽ സതോപ്രധാനമാകണം, അതിനാൽ അത്രയും പരിശ്രമിക്കണം . മുഴുവൻ ലോകവും പരിശ്രമിക്കില്ല. മററ് ധർമ്മത്തിലുള്ളവരും പരിശ്രമിക്കില്ല. കുട്ടികൾ സാക്ഷാൽക്കാരവും കണ്ടു. ധർമ്മ സ്ഥാപകർ വരുന്നു, ഇന്നയിന്ന വേഷത്തിലൂടെ പാർട്ട് അഭിനയിച്ചു. തമോപ്രധാനത്തിലാണ് അവർ വരുന്നത്. വിവേകവും പറയുന്നുണ്ട് നമ്മൾ സതോപ്രധാനമാകുന്നതുപോലെ എല്ലാവരും ആകും. പവിത്രതയുടെ ദാനം ബാബയിൽ നിന്നും എടുക്കും. എല്ലാവരും വിളിക്കുന്നുണ്ട് നമ്മളെ ഇവിടെ നിന്ന് മുക്തമാക്കി വീട്ടിലേയ്ക്ക് കൊണ്ടുപോകൂ. വഴികാട്ടിയാകൂ. ഡ്രാമാ പ്ലാൻ അനുസരിച്ച് എല്ലാവർക്കും തിരിച്ച് വീട്ടിൽ പോകണം. അനേക പ്രാവശ്യം വീട്ടിൽ പോകുന്നു. ചിലർ പൂർണ്ണമായും 5000 വർഷവും വീട്ടിൽ ഇരിക്കുന്നില്ല. ചിലർ പൂർണ്ണമായും 5000 വർഷവും ഇരിക്കുന്നു. അന്തിമത്തിൽ വരുന്നുവെങ്കിൽ പറയും 4999 വർഷം ശാന്തിധാമിൽ ഇരുന്നു. നമ്മൾ പറയും 4999 വർഷം ഈ സൃഷ്ടിയിലായിരുന്നു. ഇത് കുട്ടികൾക്ക് നിശ്ചയവും ഉണ്ട് 83 – 84 ജന്മം നമ്മൾ എടുത്തു. ആരാണോ വളരെ സമർത്ഥരായിട്ടുള്ളത് അവർ നേരത്തെ വരും. ശരി.

മധുരമധുരമായ ഓമന സന്താനങ്ങൾക്ക് സ്നേഹ സ്മരണകളും ഗുഡ് നൈററും.

**ധാരണയ്ക്കായുള്ള മുഖ്യ സാരം :-**

1) സതോപ്രധാനമാകുന്നതിനു വേണ്ടി ഓർമ്മയുടെ യാത്രയിലൂടെ തന്റെ ബാററിയെ ചാർജ്ജ് ചെയ്യണം. തെററ് ചെയ്യാത്തവരാകണം. തന്റെ രജിസ്റ്റർ നല്ലതാക്കി വയ്ക്കണം. യാതൊരു ഉപേക്ഷയും കാണിക്കരുത്.

2) യാതൊരു നിയമവിരുദ്ധ കർമ്മവും ചെയ്യരുത്. മായയുടെ കൊടുങ്കാററിനെ കുറിച്ച് ചിന്തിക്കാതെ, കർമ്മേന്ദ്രിയ ജീത്താകണം. ലീവർ ഘടികാരത്തിന് സമാനം കൃത്യമായ പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- സേവനത്തിലൂടെ സന്തോഷവും, ശക്തിയും, സർവ്വരുടെ ആശീർവ്വാദവും പ്രാപ്തമാക്കുന്ന പുണ്യാത്മാവായി ഭവിക്കൂ

സേവനത്തിന്റെ പ്രത്യക്ഷഫലമായി - സന്തോഷവും ശക്തിയും ലഭിക്കുന്നു. സേവനം ചെയ്ത് ആത്മാക്കളെ ബാബയുടെ സമ്പത്തിന്റെ അധികാരിയാക്കുക - ഇത് പുണ്യ കർമ്മമാണ്. ആരാണോ പുണ്യം ചെയ്യുന്നത് അവർക്ക് തീർച്ചയായും ആശീർവ്വാദം ലഭിക്കുന്നു. എല്ലാ ആത്മാക്കളുടേയും മനസ്സിൽ സന്തോഷത്തിന്റെ എന്ത് സങ്കൽപമാണോ ജനിക്കുന്നത്, ആ ശുഭ സങ്കൽപം ആശീർവ്വാദമായി തീരുന്നു ഒപ്പം ഭാവിയിലേക്കും ശേഖരണമുണ്ടാകുന്നു അതുകൊണ്ട് സദാ സ്വയത്തെ സേവാധാരിയാണെന്ന് മനസ്സിലാക്കി സേവനത്തിന്റെ അവിനാശീ ഫലം സന്തോഷവും ശക്തിയും സദാ നേടിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ:- മനസ്സിന്റെയും-വാക്കിന്റേയും ശക്തിയിലൂടെ വിഘ്നത്തിന്റെ മറ നീക്കൂ അപ്പോൾ ഉള്ളിൽ മംഗളത്തിന്റെ ദൃശ്യം കാണപ്പെടും.